# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 293 10/06/2013-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ പോഷകാഹാര കുറവ് സംബന്ധിച്ച സർവ്വേ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പോഷകാഹാരക്കുറവുള്ള കുട്ടികളെയും അമ്മമാരെയും കണ്ടെത്താൻ പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിൽ സർവ്വേ നടത്തിയിട്ടുണ്ടോ; | എ | ഉണ്ട് |
| ബി | ഉണ്ടെങ്കിൽ ആരാണ് സർവ്വേക്ക് നേതൃത്വം നൽകിയത്; എന്നായിരുന്നു സർവ്വേ; എത്ര ഊരുകളിൽ സർവ്വേ നടത്തി; സർവ്വേയുടെ കണ്ടെത്തൽ സർക്കാരിന് നൽകിയിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ; | ബി | പട്ടികവർഗ്ഗ വികസന വകുപ്പ്, എസ്.റ്റി. പ്രൊമോട്ടർമാർ, ആരോഗ്യ വകുപ്പിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സമാർ, ആശാവർക്കർമാർ, സാമൂഹ്യ നീതി വകുപ്പിന്റെ അംഗൻവാടി വർക്കർമാർ എന്നിവർ ചേർന്ന് സർവ്വേ വിവര ശേഖരണം നടത്തി വിദഗ്ധ ചികിത്സ ആവശ്യമായവരെ കണ്ടെത്തി മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതിന് എല്ലാ ഊരുകളും ഇവർ സന്ദർശിച്ചിരുന്നു. തുടർ ചികിത്സ ആവശ്യമായവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ഒരു വിദഗ്ധ ടീം അല്ലാതിരുന്നതിനാൽ പ്രത്യേക റിപ്പോർട്ട് തയ്യാറാക്കിയിരുന്നില്ല. |
| സി | സർവ്വേയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സി | വിദഗ്ധ ചികിത്സ ആവശ്യമായവരെ മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതിനും കിടത്തി ചികിത്സ ആവശ്യമായവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സ നടത്തുന്നതിനും നടപടി സ്വീകരിച്ചു. |

സെക്ഷൻ ഓഫീസർ